**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1877** **19-01-2021 - ൽ മറുപടിയ്ക്ക്**

**ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. സ്വരാജ് | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ വകുപ്പിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി. 1. ഇന്ത്യയിലെ പ്രഥമ സംരഭമായ ഒരു 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസ് ആരംഭിച്ചു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരവും ലഭിക്കുകയുണ്ടായി. 2. ജലഗതാഗത വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും, ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ ആധുനീക സജ്ജീകരണങ്ങളോടു കൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഇവ പ്രളയ കാലഘട്ടത്തിൽ മികച്ച രീതിയിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപകരിക്കുയും ചെയ്തു. 3. വൈക്കത്തു നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വച്ഛമായും സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും, യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. . 4. വിനോദസഞ്ചാരവും, അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. 5. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് ആരംഭിച്ചു. 6. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും, ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ ഒരു 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചു. 7. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്.ക്ലാസ്സിൽ നിർമ്മിച്ച 5 ബോട്ടുകളും, കൈനകരി സർക്കുലർ സർവ്വീസും ആരംഭിച്ചു. 8. എറണാകുളം–വരാപ്പുഴ സർവ്വീസ് ആരംഭിച്ചു. 9. വൈറ്റില ഹബ്ബിൽ നിന്നും കാക്കനാട്ടേയ്ക്ക് സർവ്വീസ് ആരംഭിച്ചു. ടി സർവ്വീസ്, റോഡ് ഗതാഗത കുരുക്കിൽ നിന്നും സ്കൂൾ കുട്ടികൾ ഉൾപ്പെടയുള്ളവർക്ക് ചുരുങ്ങിയ സമയംകൊണ്ട് യഥാസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് സഹായകമായി. 10. ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യസംരഭം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടു കൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 11. പാണാവള്ളി സ്റ്റേഷൻ ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചു.. 12. വകുപ്പിന്റെ എല്ലാ ബോട്ടുകളിലും, പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി. സ്ഥാപിച്ചു. 13. ഇന്ത്യയിലെ തന്നെ ആദ്യ സംരഭമെന്ന നിലയിൽ 2 വാട്ടർ ടാക്സി നിർമ്മാണം പൂർത്തീകരിക്കുയും ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും, പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരികയും ചെയ്യുന്നു. 14. ആധുനിക സുരക്ഷാ സംവിധാനങ്ങളോടു കൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റമറൈൻ ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും, ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15/10/2020-ൽ നടത്തുകയും ചെയ്തു. 15. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു കാറ്റമറൈൻ ബോട്ടിന്റെ സർവ്വീസ് ആരംഭിച്ചു. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | ഉണ്ട്. നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ വകുപ്പിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി. 1. ഇന്ത്യയിലെ പ്രഥമ സംരഭമായ ഒരു 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' നിർമ്മാണം പൂർത്തീകരിച്ച് സർവ്വീസ് ആരംഭിച്ചു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരവും ലഭിക്കുകയുണ്ടായി. 2. ജലഗതാഗത വകുപ്പിന്റെ പ്രധാനപ്പെട്ട 5 |

സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും, ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാൻ ഉതകുന്ന രീതിയിൽ ആധുനീക സജ്ജീകരണങ്ങളോടു കൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ഇവ പ്രളയ കാലഘട്ടത്തിൽ മികച്ച രീതിയിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉപകരിക്കുയും ചെയ്തു. 3. വൈക്കത്തു നിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും, റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും, സ്വച്ഛമായും സ്വദേശികളും, വിദേശികളുമായ ടൂറിസ്റ്റുകൾക്കും, യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. . 4. വിനോദസഞ്ചാരവും, അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രാക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. 5. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് ആരംഭിച്ചു. 6. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചു കൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും, ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ ഒരു 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് ആരംഭിച്ചു. 7. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്.ക്ലാസ്സിൽ നിർമ്മിച്ച 5 ബോട്ടുകളും, കൈനകരി സർക്കുലർ സർവ്വീസും ആരംഭിച്ചു. 8. എറണാകുളം–വരാപ്പുഴ സർവ്വീസ് ആരംഭിച്ചു. 9. വൈറ്റില ഹബ്ബിൽ നിന്നും കാക്കനാട്ടേയ്ക്ക് സർവ്വീസ് ആരംഭിച്ചു. ടി സർവ്വീസ്, റോഡ് ഗതാഗത കുരുക്കിൽ നിന്നും സ്കൂൾ കുട്ടികൾ ഉൾപ്പെടയുള്ളവർക്ക് ചുരുങ്ങിയ സമയംകൊണ്ട് യഥാസ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് സഹായകമായി. 10. ഇൻലാന്റ് നാവിഗേഷൻ മേഖലയിൽ സർക്കാർ തലത്തിൽ കേരളത്തിലെ തന്നെ ആദ്യസംരംഭം എന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടു കൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു. 11. പാണാവള്ളി സ്റ്റേഷൻ ഓഫീസ് നിർമ്മാണം പൂർത്തീകരിച്ചു.. 12. വകുപ്പിന്റെ

| | | | |
|---|---|---|---|
| | | | എല്ലാ ബോട്ടുകളിലും, പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി. സ്ഥാപിച്ചു. 13. ഇന്ത്യയിലെ തന്നെ ആദ്യ സംരഭമെന്ന നിലയിൽ 2 വാട്ടർ ടാക്സി നിർമ്മാണം പൂർത്തീകരിക്കുയും ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും, പറശ്ശിനിക്കടവിലും സർവ്വീസ് നടത്തി വരികയും ചെയ്യുന്നു. 14. ആധുനിക സുരക്ഷാ സംവിധാനങ്ങളോടു കൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റമറൈൻ ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും, ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15/10/2020-ൽ നടത്തുകയും ചെയ്തു. 15. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു കാറ്റമറൈൻ ബോട്ടിന്റെ സർവ്വീസ് ആരംഭിച്ചു. |

സെക്ഷൻ ഓഫീസർ